# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :1338

10/08/2017 ൽ
മറുപടിയ്ക്ക്

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി.മെഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വിദേശനാണ്യം നേടിത്തരുന്ന പ്രധാന വിളയായ കശുവണ്ടി വ്യവസായം തകർച്ചയെ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കശുമാവുകളുടെ എണ്ണത്തിൽ വൻ കുറവ് ഉണ്ടായതുമൂലം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കുടുംബങ്ങൾ പട്ടിണിയിലായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| സി) | കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം ലഭിക്കുന്നതിനായി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എത്ര ടൺ ഇറക്കുമതി ചെയ്തു ; ഇതുവഴി എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | സി) ഉണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽ 2017-18 വർഷത്തിൽ ഹൈസീ സെയിൽ അടിസ്ഥാനത്തിൽ 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ സീസൺ അനുസരിച്ച് 1500 മെട്രിക് ടൺ കേരളാ ഒറിജിൻ തോട്ടണ്ടിയും ഇംപോർട്ട് ചെയ്തു വച്ച ആഫ്രിക്കൻ തോട്ടണ്ടിയും (1000 മെട്രിക് ടൺ) ഫാക്ടറിയിൽ എത്തുന്നുണ്ട്. കാപെക്സിൽ ഇ-ടെണ്ടർ വ്യവസ്ഥയിൽ 1700 മെട്രിക് ടണ്ണും സംഭരിച്ചിട്ടുണ്ട്. കൂടാതെ കാപെക്സിൽ ഇപ്പോൾ 2000 മെട്രിക് ടൺ ഇറക്കുമതി ചെയ്യുവാനുള്ള കോൺട്രാക്ട് നൽകിയിട്ടുണ്ട്. തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ |

| | | |
|---|---|---|
| | | സർക്കാരിതര ഫാക്ടറികൾക്ക് / കമ്പനികൾക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കമ്പനിയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 128 തൊഴിൽദിനങ്ങളും കാപെക്സിലെ തൊഴിലാളികൾക്ക് 141 തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**